(സി) മട്ടന്നൂർ, ഇരിക്കൽ, പേരാവൂർ, പാനൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളും കണ്ണൂർ ജില്ലാ രജിസ്ട്രാർ ഓഫീസും പുതുക്കി പണിയാൻ ഉദ്ദേശിക്കുന്നു.

(ഡി) പാനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണത്തിന് ആഗസ്റ്റ് ആദ്യവാരം ടെന്റർ ആകുമെന്ന് പ്രതീക്ഷിക്കുന്നു. ചൊക്ലി സബ് രജിസ്ട്രാർ ഓഫീസിന്റെ ചുറ്റുമതിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

രജിസ്ട്രേഷൻ ഫീസിനത്തിലുള്ള വരുമാന വർദ്ധന

116 [298] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *പി. കെ. കെ. ബാവ:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *ടി. പി. എം. സാഹിർ:*
,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചതിനെ തുടർന്ന് ഈ ഇനത്തിൽ എന്തു തുകയുടെ വരുമാന വർദ്ധനവ് ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 1-4-2005 മുതൽ സ്റ്റാമ്പ് ഡ്യൂട്ടിയും സർചാർജ്ജും വർദ്ധിപ്പിക്കുകയുണ്ടായി. തലേ വർഷം ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ ആകെ വരുമാനം 135.70 കോടി രൂപയായിരുന്നു. ഈ വർഷം ഈ മാസങ്ങളിലെ ആകെ വരുമാനം 172.87 കോടി രൂപയാണ്.

ഇന്ദിരാ ആവാസ് യോജന പദ്ധതി

117 [299] *ശ്രീ. പി. ടി. തോമസ്:*
,, *സി. പി. മുഹമ്മദ്:*
,, *നീ. വിജയകുമാർ:*
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം ഈ വർഷം എത്ര വീടുകൾ നിർമ്മിക്കുവാനാണ് പരിപാടിയുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly